# പള്ളികഥകൾ

## മിനികഥകൾ മുപ്പത്തിരണ്ട്

ജോയിക്കുട്ടി,

ജോസഫച്ചൻ പതിവു പോലെ പുതിയ കഥയുമായെത്തി. എന്നാൽ ഇത് എഴുതാനോ പ്രസിദ്ധീകരിക്കാനോ സത്യമായി എനിക്ക് തീരെ ആഗ്രഹമില്ലായിരുന്നു. എന്നാൽ വളരെ ചിന്തിച്ചപ്പോൾ ഇത് പ്രസിദ്ധീകരിക്കുന്നത് നല്ലതെന്ന് മനസ്സിലാക്കി ഒരുമ്പെടുകയാണ്.

# ഗുണ്ട് തോമ്മാ

യഥാർത്ഥത്തിൽ ഗുണ്ടാ തോമ്മാ എന്നതാണ് ശരിയായ വാക്കെങ്കിലും, ജനങ്ങൾ എല്ലാം ഗുണ്ട് എന്ന് അയാൾ കേൾക്കാതെ പറഞ്ഞ പറഞ്ഞ് ഇപ്പോൾ അയാളെ അങ്ങിനെയാണ് അറിയപ്പെടുന്നത്.

ഇത് അമേരിക്കയിലെ ഒരു വളരെ ചെറിയ പള്ളിയിൽ നടന്ന സംഭവമാണ്. ആകെ ഇരുപത്തിരണ്ടു കുടുംബമേ ആ പള്ളിയിൽ ഉള്ളൂ എങ്കിലും, ഉള്ളതെല്ലാം നല്ല കാന്താരികളാണ്. ഏകദേശം ചുരുങ്ങിയ കാലം കൊണ്ട് രൂപമെടുത്തതാണെങ്കിലും ഇതിനോടകം നാല് അച്ചന്മാരെ ഓടിച്ച മിടുക്കരാണ് അവിടെയുള്ളത്. ഈ വിവരം അറിഞ്ഞുകൊണ്ടു തന്നെയാണ് പുതിയ കൊച്ചച്ചൻ അവിടെ വികാരിയായി ചാർജ്ജെടുത്തത്.

റവ. ഫാ. വക്കി തനൂജാ ചാലിയിൽ. മുപ്പത്തിരണ്ടു വയസ്സു പ്രായം. അഞ്ചടി പൊക്കം. ഒരാനയുടെ അത്രയും വണ്ണം. എടുത്താൽ പൊങ്ങാത്ത വലിയ വയർ. ഏകദേശം കറുത്ത്. വിവാഹിതനും നാലു വയസു പ്രായമുള്ള ഒരു മകനും. ഭാര്യ ആർ എന്നും വെളുത്ത് സുന്ദരിയും ബഹു കേമിയും. അച്ചന് വേറെ ജോലി ഒന്നുമില്ല. ചെറിയ പള്ളിയാണെങ്കിലും ആൾക്കാർ കുറവാണെങ്കിലും നല്ല ശമ്പളവും കെട്ടിട വാടകയും കൊടുക്കുന്നുണ്ട്. ഒരായിരം സ്വപ്നങ്ങളുമായാണ് അച്ചൻ വലിയ ബഹളങ്ങളില്ലാത്ത ആ സ്ഥലത്തേക്ക് കടന്നു വന്നത്. ആരെന്തു പറഞ്ഞാലും, മുഖത്തുനോക്കി പച്ച തെറി പറഞ്ഞാലും ചിരിച്ചു കൊണ്ട് നിൽക്കുകയെന്നത് അച്ചന്റെ പ്രത്യേകമായ ഒരു കഴിവാണ്. ''അവന്റെ ദേഷ്യമെന്ന വികാരത്തിന് ശമനം വന്നല്ലോ'' ഇതായിരുന്നു അച്ചന്റെ നിലപാട്.

അച്ചന്റെ പേര് അങ്ങിനെയെങ്കിലും വക്കിയെന്ന വിളിക്കുന്നതോ ഉപയോഗിക്കുന്നതോ അദ്ദേഹത്തിന് ഇഷ്ടമല്ല. തനൂജാ അച്ചൻ എന്നു വിളിക്കുന്നതും ഉപയോഗിക്കുന്നതുമാണ് അദ്ദേഹത്തിന് ഏറെ ഇഷ്ടം. അച്ചന്റെ സ്വരം വളരെ ശ്രുതി മധുരമാണ്.സുറിയാനി എഴുതാനേ വായിക്കാനോ അറിയത്തില്ലങ്കിലും, സുറിയാനിയും എല്ലാം കൂട്ടി ചേർത്ത് അദ്ദേഹത്തിന്റെ ആരാധന വളരെ ശ്രവണസൗഖ്യമാണ്. കൈക്രിയയും ചൊല്ലിലും എല്ലാം വളരെ അബദ്ധങ്ങൾ ഉണ്ടെങ്കിലും സാധാരണ ജനങ്ങൾക്ക് അതൊന്നും അത്ര പെട്ടന്ന് മനസ്സിലാകത്തില്ലല്ലോ.

കൊച്ചമ്മ ഓവർടൈം ചെയ്ത് ഇഷ്ടം പോലെ പണമുണ്ടാക്കുന്നുണ്ട്. പല ഞായറാഴ്ചകളിലും അവർ പള്ളിയിൽ പോലും പോകാറില്ല. അപ്പോഴെല്ലാം നാലു വയസുള്ള മകനേയും കൂട്ടികൊണ്ട് അച്ചൻ പള്ളിയിൽ പോയി അവിടെയുള്ള ആരെയെങ്കിലും അവനെ ഏല്പിച്ചിട്ടാണ് ആരാധന നടത്താറുള്ളത്. അവർ വാചകമടിക്കാനും പാചകം ചെയ്യാനുമെല്ലാം വളരെ കേമിയാണ്. സഭയിലെ മെത്രാച്ചന്മാരാരെങ്കിലും വന്നാൽ അവരെ സൽക്കരിക്കാൻ മാത്രമല്ല ഇടവകയിലെ ആരെങ്കിലും ചെന്നാൽ അവരെ സൽക്കരിക്കാനും വളരെ മുൻപിലാണ്. അവർക്ക് തന്നെ ഒരു ധാരണയുണ്ട് അവർ കേമിയാണെന്ന്.

ആ സ്ഥലത്തു തന്നെ ഈ സഭയുടെ തന്നെ വേറെ മൂന്നു പള്ളികൾ കൂടെയുണ്ട്. അവരെല്ലാം ഈ പള്ളിക്കാരെക്കുറിച്ചു പറയുന്നതു തന്നെ അത് ചട്ടമ്പികളുടെ പള്ളിയാണെന്നാണ്. പുത്തനായി ആരെങ്കിലും ആ സ്ഥലത്തു വന്നാൽ അവരോട് പ്രത്യേകം പറയും അത് ''ചട്ടമ്പികളുടെ പള്ളിയാണ്; അവിടെ പോകരുത്'' ഇതൊന്നുമറിയാതെ അബദ്ധവശാൽ ആരെങ്കിലും ഈ പള്ളിയിൽ പുതിയതായി വന്നെന്നറിഞ്ഞാൽ മറ്റുള്ളവർ അവരെ തെറ്റദ്ധരിപ്പിച്ച് അവിടെ നിന്നും കൊണ്ടു പോകും. എന്നാൽ മറ്റുള്ള പള്ളിയിലെ ആരെയെങ്കിലും അങ്ങിനെ ചാക്കിട്ടു പിടിച്ചുകൊണ്ടു വരാൻ ഇവർക്ക് കഴിഞ്ഞിട്ടുമില്ല.

ആ പള്ളിയിലെ ഒരു മെമ്പറാണ് ഗുണ്ട് തോമ്മാ. ആറടി പൊക്കം. അതിനു തക്ക വണ്ണം. നല്ല ഉറച്ച ശരീരവും മസിലുകളും. മുഖം നിറച്ചും വലിയ കപ്പടാ മീശ. ഘനഗാംഭീര്യമുള്ള ശബ്ദം. എല്ലാം കൂടെ അയാളെ കണ്ടാൽ തന്നെ ആരും ഭയപ്പെട്ടു പോകും. ഭാര്യയും രണ്ടാൺമക്കളും; പത്തും എട്ടും വയസ് പ്രായം.

തോമ്മാ കുടുംബത്തിൽ കുഞ്ഞാടാണ്. എന്നാൽ അയാൾ പറയുന്നത് അനുസരിച്ചിരിക്കണം. കള്ളം പറയരുത്. സഹകരിക്കണം. ഇതിന് വിപരീതമായി വന്നാൽ തോമ്മായുടെ തനിനിറം കാണും. തോമ്മാ ആവശ്യപ്പെടുമ്പോൾ എല്ലാം അയാളുടെ കൂടെ ഭാര്യ എല്ലാ കാര്യത്തിനും സഹകരിച്ചിരിക്കണം. എന്നാൽ ഭാര്യ ക്ഷീണിതയാണെങ്കിൽ, അഥവാ ആണെന്നറിഞ്ഞാൽ അവരെ ബുദ്ധിമുട്ടിക്കാൻ അയാൾ ശ്രമിക്കാറില്ല.

ഒരിക്കൽ പള്ളി പൊതുയോഗം നടക്കുമ്പോൾ ഒരുത്തൻ ലോ പോയിന്റ് പറയാൻ തുടങ്ങി. ''ഇരിയടാ അവിടെ; നീയിവിടുത്തെ വക്കീലാണോ'' തോമ്മാ ഗർജ്ജിച്ചു. ''നീയിവിടുത്തെ ഗുണ്ടായാണോ'' മറ്റെയാൾ പ്രതികരിച്ചു. ''ഞാനിവിടുത്തെ ഗുണ്ട് ആണെന്ന് പറഞ്ഞതും'' തോമ്മാ ബഞ്ചിന്റെ മുകളിൽ കൂടെ ചാടികയറി അയാളെ കുത്തിനു പിടിച്ച് പൊക്കിയതും ഒന്നിച്ചായിരുന്നു. അതിനു ശേഷമാണ് അയാളെ ഗുണ്ട് എന്ന്വിളിക്കാൻ തുടങ്ങിയത്. എന്നാൽ ഇക്കാര്യം ആരും അയാളോട് നേരിട്ട് പറയാറില്ല; പറയാൻ തക്ക ധൈര്യം ആർക്കുമില്ലാ. അയാൾ ആരോടും അനാവശ്യമായി വഴക്കുണ്ടാൻ പോകത്തുമില്ല.

ഒരു ദിവസം തോമ്മാ അച്ചനോട് കുമ്പസാരിക്കണമെന്നാവശ്യപ്പെട്ടു. ഹൂസോയോ കഴിച്ചാൽ പോരേയെന്ന് അച്ചൻ ചോദിച്ചിട്ടും അയാൾ സമ്മതിച്ചില്ല. അടുത്ത ഞായറാഴ്ച പള്ളിയിൽ വന്ന് അച്ചൻ അയാളെ കുമ്പസാരിക്കാൻ വിളിച്ചു.

''അച്ചാ ഇത് കുമ്പസാരമാണ്. അച്ചന് ഈ പറയുന്നത് ആരോടും പറയാൻ പാടില്ലന്നറിയാമല്ലോ. തോമ്മാസ് പാഴ്വാക്ക് പറയാറില്ലന്നുമറിയാമല്ലോ. ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ അച്ചനെ കൊല്ലും.'' ഇത്രയും പറഞ്ഞിട്ട് തോമ്മാ അവിടെ നിന്നും എഴുന്നേറ്റ് പോയി.

അംശവസ്ത്രങ്ങളണിഞ്ഞ അച്ചൻ ഒരു വശത്തേക്ക് മറിഞ്ഞു വീണു. പള്ളിയിലെ ആൾക്കാർ ഉടനെ തന്നെ ആംബുലൻസ് വരുത്തി അച്ചനെ പെട്ടന്ന് ആശുപത്രിയിൽ എത്തിച്ചു. ആംബുലൻസിൽ നിന്നും ആശുപത്രിയിലേക്ക് കൊണ്ടുപോയത് അച്ചന്റെ ശവമായിരുന്നു.

പിന്നീട് നടത്തിയ പോസ്റ്റുമാർട്ടം റിപ്പോർട്ടിൽ മാസീവ് ഹേർട്ട് അറ്റാക്കു മൂലമാണ് അച്ചൻ മരിച്ചതെന്ന് മനസ്സിലായി. വളരെ വർഷങ്ങൾക്കു ശേഷം തോമ്മാ ജോസഫ് അച്ചനോട് ഈ രഹസ്യങ്ങൾ പങ്കുവെച്ചപ്പോഴാണ് ഇക്കാര്യങ്ങൾ മനസ്സിലായത്. അതിനു മുമ്പ് ഇതിന്റെ മുഴുവൻ ഭാഗങ്ങളും അച്ചനറിയത്തിലായിരുന്നു.